# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 10, വ്യാഴം

## നമ്പർ 155

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ/ പൊതു മേഖലയിൽ നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കൊച്ചി ഗിഫ്റ്റ് സിറ്റി അടക്കമുള്ള പദ്ധതികൾക്ക് അനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 1270/2024.

(2) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള കുടുംബ പെൻഷൻ അനുവദിക്കുന്നതിലെ പുതുക്കിയ വ്യവസ്ഥ ഒഴിവാക്കേണ്ടത് സംബന്ധിച്ച ആവശ്യകതയിലേയ്ക്ക് ശ്രീ. ചാണ്ടി ഉമ്മൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. വി. ഡി. സതീശൻ | നവകേരളസദസ്സ് പ്രതിഷേധവുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. മോൻസ് ജോസഫ് | അറുനൂറ്റിമംഗലം ആശുപത്രിക്ക് കുടുംബാരോഗ്യ പദവിയും കറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടവും | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4. | ഡോ. എൻ. ജയരാജ് | സംസ്ഥാനത്തെ സർവ്വീസ് പെൻഷൻ, ക്ഷേമ പെൻഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ് | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. എൻ. ഷംസുദ്ദീൻ | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കൽ | ബഹു. ധനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. കോവൂർ കുഞ്ഞുമോൻ | കുന്നത്തൂരിലെ 10 വില്ലേജുകളും കുന്നത്തൂർ താലൂക്കിനു കീഴിൽ കൊണ്ടുവരുന്നതിന് നടപടി | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7. | ശ്രീ. ആന്റണി ജോൺ | കോതമംഗലത്തെ രൂക്ഷമായ വന്യമൃഗശല്യം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 8. | ശ്രീ. ജി. സ്റ്റീഫൻ | ഈറ്റ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9. | ശ്രീ. അൻവർ സാദത്ത് | ചുണങ്ങംവേലിയിലെയും കീഴ്മാട് മഹിളാലയം ജംഗ്ഷനിലെയും ബാറുകൾ മാറ്റുന്നതിന് നടപടി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 10. | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഇളവ് | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 11. | ശ്രീമതി സി.കെ. ആശ | തലയാഴത്ത് പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u>

(i) സബ്ജക്ട് കമ്മിറ്റി I-ന്റെ 2024 - ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(iii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ചട്ടം 118 അനുസരിച്ചുള്ള ഗവണ്മെന്റ് പ്രമേയം :

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. താഴെപ്പറയുന്ന ഭേദഗതികൾ സഭ അംഗീകരിച്ചു.

(i) ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1,2 നമ്പർ ഭേദഗതികൾ

(ii) ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2,3,4,13 നമ്പർ ഭേദഗതികൾ

ഭേദഗതിയോടെ താഴെപ്പറയുന്ന പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

" 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന പരിഷ്കരണ നടപടിയുമായി മുന്നോട്ടു നീങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും അതിനു മുന്നോടിയായി ഇക്കാര്യത്തിന് ആവശ്യമായ ഭരണഘടനയും, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് നിയമങ്ങൾക്കും ഭേദഗതികൾ ശിപാർശ ചെയ്യാനായി ഒരു ഉന്നതതല സമിതിയെ നിയമിക്കുകയും ആ സമിതി തയ്യാറാക്കിയ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാലും;

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം ഒരു ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥ രാജ്യത്ത് ശക്തിപ്പെട്ടു വരികയും അതിന്റെ ഫലമായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവിധ കക്ഷികൾ അധികാരത്തിൽ വരികയും ഒരേ സമയത്തു തന്നെ വ്യത്യസ്ത നിലപാടുകളുള്ള രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തു നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളുടെ പ്രതിഫലനമായാണ് ലോകമാകെയുള്ള ജനാധിപത്യ വിശ്വാസികൾ അതിനെ കണ്ടിട്ടുള്ളത് എന്നതിനാലും;

എന്നാൽ, ആ വൈവിധ്യങ്ങളെയാകെ അപ്രസക്തമാക്കുമാറ്, എല്ലാ നിയമസഭാ- തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളും ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നടത്താൻ ഒരുങ്ങുകയും അതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ, അടുത്ത ലോക്സഭാ

തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത്, 5 വർഷം പൂർത്തിയാക്കാത്ത നിയമസഭകളുടെ കാലാവധി വെട്ടിച്ചുരുക്കാനുള്ള നിർദ്ദേശമാണ് ഉന്നതതല സമിതി മുമ്പോട്ടുവെച്ചിരിക്കുന്നത്. അടുത്ത ഘട്ടമെന്നോണം പാർലമെന്റിന്റെ കാലാവധിയോടും പാർലമെന്റ് തെരഞ്ഞെടുപ്പിനോടും ചേർന്നു നിൽക്കുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കൂടി ഇത്തരത്തിൽ വെട്ടിച്ചുരുക്കാമെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും;

ഈ നടപടി സംസ്ഥാന സർക്കാരുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനവും പൂർണ്ണ കാലാവധിയിലേക്ക് തങ്ങളുടെ സർക്കാരുകളെ തെരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ നഗ്നമായ ലംഘനവും ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെ വെല്ലുവിളിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്താൻ ഭരണഘടനാപരമായി ചുമതലയുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾക്കുമേലും, അതുവഴി ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കുമേലും ഉള്ള കൈകടത്തൽ കൂടി ആയതിനാലും;

അവിശ്വാസ പ്രമേയത്തിലൂടെ ഒരു സർക്കാർ പുറത്താക്കപ്പെടുകയും ഏതെങ്കിലും സംസ്ഥാന നിയമസഭ പിരിച്ചുവിടപ്പെടുകയും ചെയ്യപ്പെട്ടാൽ, ഇടക്കാല തെരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭയ്ക്ക് പുറത്താക്കപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്ത പൂർവ്വ സർക്കാരിന്റെ ശിഷ്ടകാലാവധി മാത്രമേ ഉണ്ടാകാവൂ എന്ന ഉന്നതതല സമിതിയുടെ ശിപാർശ, ചെലവു ചുരുക്കാനാണ് തെരഞ്ഞെടുപ്പുകൾ ഒരേ സമയത്തു നടത്തുന്നത് എന്ന വാദഗതിക്ക് തീർത്തും കടകവിരുദ്ധമായതിനാലും;

പാർലമെന്റ്, നിയമസഭ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളെ കേവലം ചെലവായി മാത്രം കാണുന്നത് ജനാധിപത്യവിരുദ്ധമാണ്. ആ ജനാധിപത്യവിരുദ്ധ ചിന്താഗതിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിൽ നിഴലിച്ചു നിൽക്കുന്നത്. ഇന്ത്യയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ഒരു കുത്സിത നീക്കമായി കൂടിയാണ് ഇത് വിലയിരുത്തപ്പെടുന്നത്. ചെലവ് ചുരുക്കാനും ഭരണം സുഗമമാക്കാനും മറ്റ് ലളിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നിരിക്കെ, ഭരണഘടന അടിസ്ഥാന തത്വമായ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും സംസ്ഥാനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവകാശങ്ങളെ ഹനിക്കുന്നതും ജനങ്ങളുടെ പരമാധികാരത്തെ വെല്ലുവിളിക്കുന്നതുമായ ജനാധിപത്യ

വിരുദ്ധ പരിഷ്കരണ നടപടിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തിലൂടെ കേന്ദ്രസർക്കാർ മുന്നോട്ട് വയ്ക്കുന്നത് എന്നതിനാലും;

രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേ സമയത്ത് നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതും ഭരണഘടനാ മൂല്യങ്ങൾക്കെതിരുമാണ്. അത് അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധവും ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണ്. ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിനു പകരം അങ്ങേയറ്റത്തെ അധികാര കേന്ദ്രീകരണത്തിനു വഴിവയ്ക്കുന്നതാണിത്. രാജ്യത്ത് ഒരു കേന്ദ്രീകൃത യൂണിറ്ററി ഭരണസംവിധാനം യാഥാർത്ഥ്യമാക്കാനുള്ള ആർ.എസ്.എസ്.-ബി.ജെ.പി അജണ്ട നടപ്പാക്കാനുള്ള ശ്രമമാണ് ഇതിലൂടെ വ്യക്തമാകുന്നത് എന്നതിനാലും;

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം നടപ്പാക്കുന്നത് രാജ്യത്തെ സംസ്ഥാന നിയമസഭകളുടെ അധികാര അവകാശങ്ങളെ ദുർബലപ്പെടുത്തുമെന്നും പ്രാദേശിക സർക്കാരുകളായി നിലകൊള്ളുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കുമെന്നും, അങ്ങനെ, അധികാര വികേന്ദ്രീകരണത്തെ ശിഥിലമാക്കുമാറ് ജനാധിപത്യ സംവിധാനത്തിലെ ജനകീയ പങ്കാളിത്തത്തെ തന്നെ ഇല്ലാതാക്കുമെന്നും ഈ സഭ വിലയിരുത്തുന്നു.

അതിനാൽ, അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധമായ ഈ നീക്കത്തിൽ നിന്ന് അടിയന്തരമായി പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ ഐകകണ്ഠേന ആവശ്യപ്പെടുന്നു. "

(കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ പ്രമേയം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി)

ശ്രീ. ചാണ്ടി ഉമ്മൻ ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നടത്തി.

<u>നിയമനിർമ്മാണ കാര്യം :</u>

<u>(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :</u>

ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ്, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി

ബിൽ അവതരിപ്പിക്കുകയും ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച് സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XII- ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XII- ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(ii) <u>2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവയുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബില്ലും 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബില്ലും അവതരിപ്പിച്ചു. പ്രസ്തുത ബില്ലുകൾ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV- ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപവും അവതരിപ്പിക്കപ്പെട്ടു.

2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച് സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയ പ്രകാരം ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു. 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ

സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതി ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച് സംസാരിച്ചു. ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2ബി ഭേദഗതി ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് ബില്ലുകൾ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV- ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി IV- ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2024 ഒക്ടോബർ 11- ാം തീയതി, വെള്ളിയാഴ്ച രാവിലെ 09.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 03.49- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

**Twelfth Session**

# BULLETIN—PART I

**(Brief Record of Proceedings)**

*Thursday, October 10, 2024*

**English version**

**The Assembly met at 9.00 a.m. with Mr. Speaker in the Chair.**

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

Shri P. C. Vishnunadh and five other members had given a notice for moving an adjournment motion stating the situation reported to have arisen due to the Governments' lack of initiative in job creation and appointments in Government and Public sector. On the ground of reply of the Minister for Finance, Speaker denied leave to present on motion for adjournment.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged a walkout.)

*Calling Attention :*

1. Smt. K. K. Shailaja Teacher invited the Law, Industries and Coir Minister's attention to the necessity to materialize Kochi-Bengaluru Industrial Corridor Project by accelerating the action for obtaining sanction for the project including Kochi Gift City. The Minister for Law, Industries and Coir made a statement in this regard.
2. Shri Chandy Oommen invited attention of the Minister for Finance to the necessity to exempt revised norms for granting Family Pension to physically and mentally challenged persons. The Minister for Finance made a statement in this regard.

KNPP.1270/2024.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. വി. ഡി. സതീശൻ | നവകേരളസദസ്സ് പ്രതിഷേധവുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. മോൻസ് ജോസഫ് | അറുനൂറ്റിമംഗലം ആശുപത്രിക്ക് കുടുംബാരോഗ്യ പദവിയും കറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടവും | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4. | ഡോ. എൻ. ജയരാജ് | സംസ്ഥാനത്തെ സർവ്വീസ് പെൻഷൻ, ക്ഷേമ പെൻഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ് | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. എൻ. ഷംസുദ്ദീൻ | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കൽ | ബഹു. ധനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. കോവൂർ കുഞ്ഞുമോൻ | കുന്നത്തൂരിലെ 10 വില്ലേജുകളും കുന്നത്തൂർ താലൂക്കിന് കീഴിൽ കൊണ്ടുവരുന്നതിന് നടപടി | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7. | ശ്രീ. ആന്റണി ജോൺ | കോതമംഗലത്തെ രൂക്ഷമായ വന്യമൃഗശല്യം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 8. | ശ്രീ. ജി. സ്റ്റീഫൻ | ഈറ്റ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9. | ശ്രീ. അൻവർ സാദത്ത് | ചുണങ്ങംവേലിയിലെയും കീഴ്മാട് മഹിളാലയം ജംഗ്ഷനിലെയും ബാറുകൾ മാറ്റുന്നതിന് നടപടി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 10. | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഇളവ് | ബഹു. തദ്ദേശ സ്വയംഭരണ -എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 11. | ശ്രീമതി സി. കെ. ആശ | തലയാഴത്ത് പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

The ministers made the statement regarding the respective issue.

*Presentation of Reports :*

(i) The Reports of the Subject Committee-I on The Kerala Veterinary and Animal Sciences University (Amendment) Bill, 2023 and The Kerala Bovine Breeding Bill, 2023 were presented.

(ii) The Reports of the Subject Committee-XIV on The Kerala Public Service Commission (Additional Functions as Respects certain Corporations and Companies) Amendment Bill, 2023 and The Non-Resident Keralites' Welfare (Amendment) Bill, 2024 were presented.

(iii) Fifteenth Report of the Committee on Private Members' Bills and Resolution was presented.

*Government Resolution as per Rule 118 :*

On behalf of the Chief Minister, the Minister for Local Self Governments, Excise and Parliamentary Affairs Shri M. B. Rajesh moved a resolution as per Rule 118. Smt. K. K. Rema, Dr. Mathew Kuzhalnadan, Shri N. Samsudheen moved amendments to the resolution. The following amendments were accepted.

(i) No. 1, 2 amendments moved by Smt. K. K. Rema

(ii) No. 2, 3, 4, 13 amendments moved by Shri N. Samsudheen

The Resolution was adopted by the House unanimously as stated below:

" 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന പരിഷ്കരണ നടപടിയുമായി മുന്നോട്ട് നീങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും അതിനു മുന്നോടിയായി ഇക്കാര്യത്തിന് ആവശ്യമായ ഭരണഘടനയും, തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് നിയമങ്ങൾക്കും ഭേദഗതികൾ ശിപാർശ ചെയ്യാനായി ഒരു ഉന്നതതല സമിതിയെ നിയമിക്കുകയും ആ സമിതി തയ്യാറാക്കിയ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാലും;

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം ഒരു ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥ രാജ്യത്ത് ശക്തിപ്പെട്ടുവരികയും അതിന്റെ ഫലമായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവിധ കക്ഷികൾ അധികാരത്തിൽ വരികയും ഒരേ സമയത്തുതന്നെ വ്യത്യസ്ത നിലപാടുകളുള്ള രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തു നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളുടെ പ്രതിഫലനമായാണ് ലോകമാകെയുള്ള ജനാധിപത്യ വിശ്വാസികൾ അതിനെ കണ്ടിട്ടുള്ളത് എന്നതിനാലും;

എന്നാൽ, ആ വൈവിധ്യങ്ങളെയാകെ അപ്രസക്തമാക്കുമാറ്, എല്ലാ നിയമസഭാ തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളും ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നടത്താൻ ഒരുങ്ങുകയും അതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ, അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത്, 5 വർഷം പൂർത്തിയാക്കാത്ത നിയമസഭകളുടെ കാലാവധി വെട്ടിച്ചുരുക്കാനുള്ള നിർദ്ദേശമാണ് ഉന്നതതല സമിതി മുമ്പോട്ട് വച്ചിരിക്കുന്നത്. അടുത്ത ഘട്ടമെന്നോണം പാർലമെന്റിന്റെ കാലാവധിയോടും പാർലമെന്റ് തെരഞ്ഞെടുപ്പിനോടും ചേർന്നുനിൽക്കുന്ന വിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കൂടി ഇത്തരത്തിൽ വെട്ടിച്ചുരുക്കാമെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും;

ഈ നടപടി സംസ്ഥാന സർക്കാരുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനവും പൂർണ്ണ കാലാവധിയിലേക്ക് തങ്ങളുടെ സർക്കാരുകളെ തെരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ നഗ്നമായ ലംഘനവും ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെ വെല്ലുവിളിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്താൻ ഭരണഘടനാപരമായി ചുമതലയുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾക്കുമേലും, അതുവഴി ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കുമേലും ഉള്ള കൈകടത്തൽ കൂടി ആയതിനാലും;

അവിശ്വാസ പ്രമേയത്തിലൂടെ ഒരു സർക്കാർ പുറത്താക്കപ്പെടുകയും ഏതെങ്കിലും സംസ്ഥാന നിയമസഭ പിരിച്ചുവിടപ്പെടുകയും ചെയ്യപ്പെട്ടാൽ, ഇടക്കാല തെരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭയ്ക്ക് പുറത്താക്കപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്ത പൂർവ്വ സർക്കാരിന്റെ ശിഷ്ടകാലാവധി മാത്രമേ ഉണ്ടാകാവൂ എന്ന ഉന്നതതല സമിതിയുടെ ശിപാർശ, ചെലവ് ചുരുക്കാനാണ് തെരഞ്ഞെടുപ്പുകൾ ഒരേ സമയത്തു നടത്തുന്നത് എന്ന വാദഗതിക്ക് തീർത്തും കടകവിരുദ്ധമായതിനാലും;

പാർലമെന്റ്, നിയമസഭ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളെ കേവലം ചെലവായി മാത്രം കാണുന്നത് ജനാധിപത്യവിരുദ്ധമാണ്. ആ ജനാധിപത്യവിരുദ്ധ ചിന്താഗതിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിൽ നിഴലിച്ചു നിൽക്കുന്നത്. ഇന്ത്യയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ഒരു കുത്സിത നീക്കമായി കൂടിയാണ് ഇത് വിലയിരുത്തപ്പെടുന്നത്. ചെലവ് ചുരുക്കാനും ഭരണം സുഗമമാക്കാനും മറ്റ് ലളിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നിരിക്കെ, ഭരണഘടന അടിസ്ഥാന തത്വമായ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും സംസ്ഥാനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അവകാശങ്ങളെ ഹനിക്കുന്നതും ജനങ്ങളുടെ പരമാധികാരത്തെ വെല്ലുവിളിക്കുന്നതുമായ ജനാധിപത്യ വിരുദ്ധ പരിഷ്കരണ നടപടിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തിലൂടെ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുന്നത് എന്നതിനാലും;

രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേ സമയത്തു നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തഃസത്തയ്ക്കു നിരക്കാത്തതും ഭരണഘടനാ മൂല്യങ്ങൾക്കെതിരുമാണ്. അത് അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധവും ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണ്. ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിനു പകരം അങ്ങേയറ്റത്തെ അധികാര കേന്ദ്രീകരണത്തിനു വഴിവയ്ക്കുന്നതാണിത്. രാജ്യത്ത് ഒരു കേന്ദ്രീകൃത യൂണിറ്ററി ഭരണസംവിധാനം യാഥാർത്ഥ്യമാക്കാനുള്ള ആർ.എസ്.എസ്.-ബി.ജെ.പി. അജണ്ട നടപ്പാക്കാനുള്ള ശ്രമമാണ് ഇതിലൂടെ വ്യക്തമാകുന്നത് എന്നതിനാലും;

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയം നടപ്പാക്കുന്നത് രാജ്യത്തെ സംസ്ഥാന നിയമസഭകളുടെ അധികാര അവകാശങ്ങളെ ദുർബലപ്പെടുത്തുമെന്നും പ്രാദേശിക സർക്കാരുകളായി നിലകൊള്ളേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കുമെന്നും, അങ്ങനെ, അധികാര വികേന്ദ്രീകരണത്തെ ശിഥിലമാക്കുമാറ് ജനാധിപത്യ സംവിധാനത്തിലെ ജനകീയ പങ്കാളിത്തത്തെ തന്നെ ഇല്ലാതാക്കുമെന്നും ഈ സഭ വിലയിരുത്തുന്നു.

അതിനാൽ, അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധമായ ഈ നീക്കത്തിൽ നിന്ന് അടിയന്തരമായി പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. "

**(Second resolution listed in List of Business was postponed to another day)**

**Shri Chandy Oommen made Personal explanation as per Rule 288.**

*Legislative Business :*

(i) <u>Introduction and Motion for reference to Subject Committee of The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 :</u>

The Minister for Health and Women and Child Development Smt. Veena George introduced The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 and moved the motion that the Bill be referred to Subject Committee-XII on Home Affairs.

Shri T. Siddique moved 1A amendment to circulate The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 for eliciting public opinion. Shri T. I. Madhusoodanan moved 2B amendment for referring the bill to a Select Committee and spoke. After the reply by Minister for Health and Women and Child Development, the amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to Subject Committee XII.

(ii) <u>Introduction and Motion for reference to Subject Committee of The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024, and The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 :</u>

The Minister for Law, Industries and Coir Shri P. Rajeeve introduced The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024, and The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 and moved the motion that the Bill be referred to Subject Committee-IV on Industries and Minerals.

Shri Murali Perunelly as authorised by Shri H. Salam moved 1A amendment to circulate the The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024 for eliciting public opinion. Dr. Mathew Kuzhalnadan as authorised by Shri K. Babu (Thripoonithura) moved 2B amendment for referring the bill to a Select Committee and spoke. Shri N. Samsudheen as authorised by Shri Mons Joseph moved 1A amendment to circulate the The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 for eliciting public opinion. Shri K. M. Sachindev moved 2B amendment for referring the bill to a Select Committee and spoke.

After the reply by Minister for Law, Industries and Coir, the amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to Subject Committee IV.

The House adjourned at 3.49 p.m. to meet again at 9.00 a.m. on Friday, October 11, 2024.

DR. N. KRISHNA KUMAR,

*Secretary.*